**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1055** **05.03.2020-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം,കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി**

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**
**,, വി.എസ്.ശിവകുമാർ**
**,, എൽദോസ് പി.കുന്നപ്പിള്ളിൽ**

(എ) കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി തയ്യാറാക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖക്ക് കാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ;

(ബി) പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുവാൻ സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഡി.എം.ആർ.സി തയ്യാറാക്കിയ പദ്ധതിരേഖ സെക്രട്ടറിതല സമിതി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിൽ എന്തൊക്കെ മാറ്റങ്ങളാണ് നിർദ്ദേശിച്ചതെന്ന് അറിയിക്കാമോ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖയ്ക്ക് കാബിനറ്റ് അംഗീകാരം നൽകിയിട്ടില്ല.

(ബി) & (സി) ഡി.എം.ആർ.സി. തയ്യാറാക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ വിശദ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ നിരീക്ഷണങ്ങളുടെ സംക്ഷിപ്ത രൂപം താഴെ പറയുന്നു.

1. നിർദ്ദിഷ്ട ലൈറ്റ്മെട്രോ പദ്ധതികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും, ചെലവു ചുരുങ്ങിയതും, പരിസ്ഥിതി സൗഹാർദ്ദപരവും, സുഖപ്രദവും, സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. ചുരുങ്ങിയത് 50 വർഷത്തേക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2. ആദ്യ വർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കും എന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലൈറ്റ് മെട്രോകൾ പ്രവർത്തന സജ്ജമായ ശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ

പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടിയും, തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്ത് നിന്ന് അധിക ധനസഹായമായി വേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ടു പദ്ധതികളും പൂർത്തിയായതിനു ശേഷം 8-9 വർഷം കൊണ്ട് നടപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷം കൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിന് പുറമേ ഏകദേശം 3783 കോടി രൂപ വായ്പയും അതിൻമേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടയ്ക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മോറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലൈറ്റ് മെട്രോ നടത്തിപ്പിൽ നിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടിവരും.

5. പുതുക്കിയ പദ്ധതി രേഖ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയ പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളും, ഇനം തിരിച്ചുള്ള ചെലവു സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance (VCF)- നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോ പാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും, ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടുന്നു. ഇത് തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ശുപാർശകൾ നടപ്പിലാക്കുന്നതിനു മുൻപ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor Area Ratio (FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ നിയമങ്ങളിലും (KMBR), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ നിയമങ്ങളിലും (KPBR), ഇതിനോടകം തന്നെ

മിക്ക വിഭാഗം കെട്ടിടങ്ങളുടെയും FAR 4 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

**(ഡി)** നിലവിലെ സാഹചര്യത്തിൽ ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരത്തും കോഴിക്കോടും നടപ്പിലാക്കുന്നതിന് എന്ത് തുക ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് സംസ്ഥാനത്തിന് വലിയ ബാധ്യത ഉണ്ടാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ആകെചെലവ് 4673 കോടി രൂപയാണ്. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 2773 കോടി രൂപയാണ്. രണ്ടു പദ്ധതികൾക്കുമായി 2187 കോടി രൂപ സംസ്ഥന സർക്കാരിന്റെ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വായ്പയായി സമാഹരിക്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള 3783 കോടിരൂപയും അതിൻമേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ധനസഹായം ആവശ്യമായി വരും. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച കഴിഞ്ഞുള്ള ആദ്യവർഷങ്ങളിലെ നടത്തിപ്പിനുള്ള ധനസഹായവും സംസ്ഥാന സർക്കാർ നൽകേണ്ടി വരും.

**(ഇ)** ഈ സർക്കാരിന്റെ കാലയളവിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ സാധ്യമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; ലൈറ്റ് മെട്രോക്കായി കേന്ദ്ര അനുമതി തേടേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ഇ) തിരുവനന്തപുരത്ത് ടെകേനോപാർക്കിനെ ലൈറ്റ് മെട്രോ പാതയുമായി ബന്ധിപ്പിക്കുന്നതു സംബന്ധിച്ച പഠനറിപ്പോർട്ട് ലഭ്യമായതിനു ശേഷം തിരുവനന്തപുരം. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖ കെ.ആർ.ടി.എൽ ഡയറക്ടർ ബോർഡ് വീണ്ടും പരിഗണിക്കുന്നതാണ്. ബോർഡിന്റെയും സംസ്ഥാന മന്ത്രിസഭയുടെയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ